**ശ്രദ്ധ ക്ഷണിക്കൽ**

1. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായ മേഖലയാണ് കശുവണ്ടി മേഖല. പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. അതിൽ ബഹുഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. സംസ്ഥാനത്ത് ഭൂരിഭാഗം വരുന്ന സ്വകാര്യ ഫാക്ടറികളും അടഞ്ഞ് കിടക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരുമ്പോഴാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സ് അടക്കമുള്ള പൊതുമേഖലാ ഫാക്ടറികളും തുറന്ന് പ്രവർത്തിക്കുന്നത്. ഇപ്പോഴും ഈ ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ നൽകാനുള്ള സാഹചര്യമൊരുക്കണം. അടഞ്ഞുകിടക്കുന്ന മുഴുവൻ സ്വകാര്യ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് ഞാൻ ഈ

അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം കൂലി കാലാകാലങ്ങളിൽ പുതിക്കി നിശ്ചയിക്കേണ്ടതാണ്. വർഷങ്ങൾ പിന്നിടുമ്പോഴും മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികളുണ്ടാകുന്നില്ല. ജീവിതച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികൾക്ക് അവരുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനായി മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. ഇ.എസ്.ഐ. ആനുകൂല്യം എല്ലാ തൊഴിലാളികൾക്കും ലഭിക്കേണ്ടതാണ്. ആറ് മാസത്തിൽ 78 ദിവസം ജോലി ചെയ്താൽ മാത്രമേ ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഒരു വർഷത്തിൽ 156 ദിവസം ജോലി ചെയ്താൽ മാത്രമേ അവരുടെ കുടുംബാംഗങ്ങൾക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുകയുള്ളൂ. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സ് തുടങ്ങിയ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കും അത്രയും ദിവസം ജോലി ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് പരമാവധി തൊഴിൽ

ദിനങ്ങൾ ഉറപ്പാക്കി മുഴുവൻ കശുവണ്ടിത്തൊഴിലാളികൾക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ ഹാജരിന്റെ അടിസ്ഥാനത്തിലാണ് പി.എഫ്. ആനുകൂല്യം നൽകുന്നത്. 3650 ഹാജർ ഉണ്ടെങ്കിൽ മാത്രമേ പെൻഷൻ ലഭിക്കുകയുള്ളൂ. പത്ത് വർഷം ജോലി ചെയ്താലും പി.എഫ്. പെൻഷൻ കിട്ടാത്ത അവസ്ഥയാണ്. പതിനഞ്ച് വർഷവും ഇരുപത് വർഷവും ജോലി ചെയ്താൽ മാത്രമേ പി.എഫ്. പെൻഷൻ ലഭിക്കുകയുള്ളൂ എന്ന അവസ്ഥയാണുള്ളത്. ഇത് തൊഴിലാളികൾക്ക് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ നിലപാടാണ്. അതുകൊണ്ട് പരമാവധി തൊഴിൽ ദിനങ്ങൾ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. നമ്മുടെ കശുവണ്ടിത്തൊഴിലാളികളുടെ മക്കൾക്ക് ഇ.എസ്.ഐ. കോട്ടയിൽ ഉൾപ്പെടുത്തി മെഡിക്കൽ പ്രവേശനത്തിന് അവസരമുണ്ട്. ഇവർക്ക് ഹാജർ ഇല്ലാത്തതിന്റെ പേരിൽ അവരുടെ മിടുക്കരായ പല മക്കൾക്കും ഇത്തരത്തിൽ പഠിക്കാനുള്ള സാഹചര്യങ്ങളുണ്ടാകുന്നില്ല. അതിനുള്ള സാഹചര്യമൊരുക്കണം. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ വിദേശത്തുനിന്നാണ് തോട്ടണ്ടി

കൊണ്ടുവരുന്നത്. നമ്മുടെ കാഷ്യൂ ബോർഡിനാണ് അതിന്റെ ചുമതല. യഥാർത്ഥ സാഹചര്യങ്ങൾ മനസ്സിലാക്കി യഥാസമയം കശുവണ്ടി ഇറക്കുമതി ചെയ്ത് കോർപ്പറേഷനും കാപ്പെക്സിനുമെല്ലാം നൽകി ആവശ്യമായ തൊഴിൽ ദിനം ഉറപ്പാക്കുന്ന കാര്യത്തിൽ വീഴ്ചകളുണ്ടാകുന്നു. അതുകൊണ്ട് കാഷ്യൂ ബോർഡുമായി ബന്ധപ്പെട്ട് പരമാവധി വേഗത്തിൽ തടസ്സങ്ങളില്ലാതെ കശുവണ്ടി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്...

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന വ്യവസായികൾ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും ഈ വ്യവസായവുമായി ബന്ധപ്പെട്ട് പോകുകയാണ്. നമുക്ക് അവരെ ഇവിടെ പിടിച്ചു നിർത്താൻ കഴിയണം. നമ്മുടെ പ്രധാനപ്പെട്ടൊരു പരമ്പരാഗത വ്യവസായ മേഖലയാണിത്. അതുകൊണ്ട് ചില ആനുകൂല്യങ്ങൾ അവർക്ക് കൊടുത്തെങ്കിൽ മാത്രമേ നമുക്ക് ആ വ്യവസായത്തെ ഇവിടെ നിലനിർത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഒരു പ്രത്യേക പാക്കേജ്

പ്രഖ്യാപിച്ചുകൊണ്ട് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാനും കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി ഉറപ്പുവരുത്തുവാനും അവരുടെ ക്ഷേമം ഉറപ്പാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യനായ അംഗം പി. എസ്. സുപാൽ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായത്തെയും ഇവിടെ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. എന്നാൽ, വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര മാർക്കറ്റിൽ വന്ന പ്രശ്നങ്ങളും കേരളം പ്രത്യേകമായി അഭിമുഖീകരിച്ച പ്രളയവും അതിനുശേഷം ആഗോളമായി കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യതയുമെല്ലാം ഈ രംഗത്തെ പ്രതിസന്ധികൾ കുറച്ചുകൂടി രൂക്ഷമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി സ്വകാര്യ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യമുണ്ടായി. ഇതിന്റെ തുടർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അത്തരം സ്ഥാപനങ്ങളെ

സഹായിക്കുന്നതിനുവേണ്ടി ബാങ്ക് തലത്തിലുള്ള സംവിധാനമായ എസ്.എൽ.ബി.സി.-യുമായി യോഗം ചേരുകയുണ്ടായി. അതിന്റെ തുടർച്ചയായി വ്യവസായ മേഖലയെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംബന്ധിച്ച് ബാങ്കുകളുമായി സമവായത്തിലെത്താൻ കഴിഞ്ഞു. സർക്കാർ അതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ച് ബാങ്കുകളുമായി കരാറിലേർപ്പെടാനുള്ള തീയതി നേരത്തെയുണ്ടാക്കിയ ധാരണയനുസരിച്ച് മാർച്ച് 31 വരെയായിരുന്നു. അത് ബാങ്കുകളുമായി സംസാരിച്ച് ഡിസംബർ 31 വരെയായി നീട്ടിക്കൊടുത്തിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇ.എസ്.ഐ. തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് 78 ഹാജർ ആവശ്യമാണ്. ഇത് കേന്ദ്ര നിയമത്തിന്റെ ഭാഗമാണ്. ഇ.എസ്.ഐ.-യിൽ അംഗമായ വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും തൊഴിലിൽ പ്രവേശിക്കുന്ന അന്നുമുതൽ സാധാരണ ചികിത്സാനുകൂല്യം ലഭിക്കും. അതിന് ഇത് ബാധകമല്ല. എന്നാൽ, ആറുമാസം പൂർത്തിയാക്കി 78 ദിവസം തൊഴിൽ സംഭാവന ചെയ്താൽ മാത്രമേ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുകയുള്ളൂ. അത് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഒരു വർഷം പൂർത്തിയാക്കി സംഭാവനാ കാലയളവിൽ കുറഞ്ഞത് 78 ദിവസം തൊഴിൽ ചെയ്താൽ മാത്രമേ വ്യക്തികളുടെ

കുടുംബാംഗങ്ങൾക്ക് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുകയുള്ളൂ. അതോടൊപ്പം മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യം ബഹുമാന്യയായ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതെല്ലാം അഖിലേന്ത്യാ തലത്തിലുള്ള നിയമമായതിനാൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ നിലപാട് ആവശ്യമാണ്. പരമാവധി തൊഴിൽ നൽകുന്നതിനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകുന്നതിനുവേണ്ടി കാഷ്യൂ ബോർഡ് രൂപീകരിച്ചു. തൊഴിലാളികൾക്ക് ആവശ്യാനുസരണം തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാനും തോട്ടണ്ടി ക്ഷാമം പരിഹരിക്കാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരള ക്യാഷ്യൂ ബോർഡ് സംഭരിക്കുന്ന തോട്ടണ്ടി പൊതുമേഖലയിലെ കശുവണ്ടി യൂണിറ്റുകൾക്ക് എന്നപോലെ സ്വകാര്യ മേഖലയിലെ യൂണിറ്റുകൾക്കും ലഭ്യമാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ഇ.എസ്.ഐ. ചികിത്സാ സഹായമുൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്നതാണ്. പി.എഫ്. പെൻഷന് അർഹത നേടുന്നതിന് 10

വർഷത്തെ സർവ്വീസ് അതായത് 3650 ഹാജരുണ്ടായിരിക്കണമെന്ന വ്യവസ്ഥ പ്രാബല്യത്തിൽ കൊണ്ടുവന്നതും കേന്ദ്ര സർക്കാരാണ്. തോട്ടണ്ടിയുടെ ക്ഷാമം പരിഹരിക്കുന്നതോടുകൂടി തൊഴിലാളികൾക്ക് അധികം തൊഴിൽ ദിനങ്ങൾ നൽകാനും തൊഴിലാളികളുടെ ഹാജർ വർദ്ധിപ്പിക്കാനും സാധിക്കുന്നതുമൂലം പി.എഫ്. പെൻഷന് അർഹത നേടുന്നതിന് ഹാജർ നില ഉറപ്പുവരുത്താൻ കഴിയുന്നതാണ്. 2017-ൽ സർക്കാർ രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് 2018-19 മുതൽ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് 46345 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകിയിട്ടുണ്ട്. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള പ്രവർത്തന മൂലധന വായ്പയായി 2022-23 സാമ്പത്തിക വർഷം കാഷ്യൂ ബോർഡിന് സർക്കാർ 40.85 കോടി രൂപ നൽകിയിട്ടുണ്ട്. Guinea Bissau-ൽനിന്ന് 5000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനാവശ്യമായ ടെണ്ടർ നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഗവൺമെന്റ് മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യാനുള്ള സാധ്യതകൂടി കാഷ്യൂബോർഡ് ആരാഞ്ഞുവരുന്നുണ്ട്. എല്ലാ പ്രൊസീജ്യറും പാലിച്ചുകൊണ്ട് മാത്രമേ നമുക്ക് ഇറക്കുമതി ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിന്റേതായ കാലതാമസമുണ്ട്. കുറച്ചുകൂടി ശാസ്ത്രീയമായി ബഹുമാനപ്പെട്ട അംഗം

സൂചിപ്പിച്ചതുപോലെ ക്രമീകരിക്കുന്നതിന് ശ്രമിക്കുന്നതായിരിക്കും. സ്വകാര്യ കശുവണ്ടി വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനുമായി ബാങ്ക് ലോൺ കുടിശ്ശികയുള്ളവർക്ക് പലിശയിളവ് നൽകുന്നതിനും തൊഴിൽ നൽകുന്നതിനനുസരിച്ച് പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഈ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ശിപാർശ സമർപ്പിക്കാൻ ഒരു കമ്മറ്റിയെ നിയോഗിക്കുന്നുണ്ട്. കൂടാതെ, ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിൽ ചെറുകിട/ഇടത്തര കശുവണ്ടി ഫാക്ടറികൾ പ്രവർത്തന മൂലധനവും ആധുനികവത്കരണത്തിനുള്ള മൂലധനസഹായവും പലിശ സഹായവും അല്ലെങ്കിൽ ഇവയെ പുനരുദ്ധരിപ്പിക്കുന്നതിനായി ഏഴ് കോടി രൂപ ഈ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കശുവണ്ടി മുതലാളിമാർ മറ്റ് സംസ്ഥാനങ്ങളിലെ ഫാക്ടറികളിൽ പോകുന്നുവെന്ന കാര്യം ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. അതൊരു യാഥാർത്ഥ്യമാണ്. യഥാർത്ഥത്തിൽ 80 കിലോയുടെ ഒരു പാക്കറ്റിനകത്തുള്ള പ്രോസസ്സിംഗ് ചാർജ്, കേരളത്തിൽ 4,200/- രൂപയാണ്. അത് നമ്മൾ പൂർണ്ണമായും മാന്വലായാണ് ചെയ്യുന്നത്. എന്നാൽ, വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും ഓട്ടോമാറ്റിക് സംവിധാനത്തിൽ 800/- രൂപയ്ക്ക് ഇതേ കാര്യം ചെയ്യാൻ സാധിക്കും. 800/-

രൂപയ്ക്ക് 80 കിലോയുടെ പാക്കറ്റ് പുറത്തുനിന്ന് വരുമ്പോൾ ഉൽപ്പാദന ചെലവ് മാത്രമല്ല നോക്കുന്നത്, മറ്റ് കാര്യങ്ങളും നോക്കണം. 4,200/- രൂപയാണ് കേരളത്തിലെ ചെലവ്. ഇത് കുറയ്ക്കുന്നതിനാവശ്യമായ ആധുനികവത്കരണം ഈ മേഖലയ്ക്ക് ആവശ്യമാണ്. ഇതുസംബന്ധിച്ച് ഗൗരവമായൊരു പഠനം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചിട്ട് വർഷങ്ങൾ പിന്നിടുകയാണ്. തൊഴിലാളികൾ ജീവിത ചെലവിനായി ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ആ കുടുംബങ്ങൾക്ക് മുന്നോട്ട് പോകണം. അതുകൊണ്ട് മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, മിനിമം കൂലിയുടെ കാര്യം ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്നുണ്ട്. ജീവിക്കാനുള്ള ചെലവിനോടൊപ്പം മിനിമം കൂലി കൊടുക്കാൻ കഴിയുമോയെന്നുള്ളത് വ്യവസായത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. അതിന് അനുകൂലമായ സാഹചര്യം വരുന്നതിനനുസരിച്ച് അത്തരം കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

## 2. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്നവരുടെ ജാതി സെൻസസ്

ശ്രീ. യു. എ. ലത്തീഫ്: സർ, ഇന്ത്യയിൽ ഇത് സെൻസസിന്റെ വർഷമാണ്. അതോടൊപ്പം ജാതി സെൻസസും എടുക്കണമെന്നതാണ് 75 ശതമാനം വരുന്ന പിന്നാക്കക്കാരുടെയും ആവശ്യം. ഏതൊക്കെ ജാതികളുണ്ട്; വിവിധ ജാതികളുടെ സാമൂഹിക-സാമ്പത്തിക-തൊഴിൽ-വിദ്യാഭ്യാസ അവസ്ഥകൾ എന്തൊക്കെയാണ്; ഭരണകൂടത്തിന്റെ കൈകൾ എത്താത്തത് എവിടെയൊക്കെയാണ്; വിഭവങ്ങളുടെ വിതരണം ഏത് നിലയ്ക്കാണ്? എന്നിങ്ങനെ ഒട്ടനവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ജാതി സെൻസസിലൂടെ സാധിക്കും. ജനസംഖ്യയുടെ മുക്കാൽ പങ്കുവഹിക്കുന്ന ആളുകൾ ആവശ്യപ്പെട്ടിട്ടും കേന്ദ്ര/കേരള ഗവൺമെന്റുകൾ അത് നടപ്പാക്കാൻ തയ്യാറാകുന്നില്ല. ഭരണവർഗ്ഗം ജാതി സെൻസസ്സിനെ ഭയപ്പെടുന്നു. ജാതി സെൻസസ്സിനെ സംബന്ധിച്ച് ലളിതമായി പറഞ്ഞാൽ അതൊരു കണക്കാണ്. ആ കണക്കിനെ എന്തുകൊണ്ടാണ് ഭയപ്പെടുന്നത്? ഉത്തരം ലളിതമാണ്. ആ കണക്കുകൾ ഇന്ത്യൻ/കേരള യാഥാർത്ഥ്യത്തെ വെളിപ്പെടുത്തും, പിന്നാക്ക സമൂഹങ്ങളുടെ അവസ്ഥയെന്താണെന്ന് മനസ്സിലാകും, അധികാരങ്ങളും വിഭവങ്ങളും എന്നതിന്റെ ആധികാരിക

രേഖകൾ പുറത്തുവരും, സ്വാതന്ത്ര്യം ലഭിച്ച് മുക്കാൽ നൂറ്റാണ്ടായിട്ടും സാമൂഹ്യനീതിയുടെ കാര്യത്തിൽ രാജ്യം എവിടെ നിൽക്കുന്നുവെന്ന് വെളിപ്പെടും. അതുകൊണ്ടാണ് അധികാരം കൈവശമുള്ളവർ ജാതി സെൻസസ്സ് എന്ന കണക്കിനെ ഭയപ്പെടുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ 1931 വരെ ജാതി സെൻസസ് നടന്നിട്ടുണ്ട്. 1955-ലെ Kaka Kalelkar Commision സർക്കാരിന് മുമ്പാകെ വച്ച ശിപാർശകളിൽ ആദ്യത്തേത് 1961-മുതൽ ജാതി സെൻസസ് എടുക്കണമെന്നുള്ളതാണ്. ഇതുവരെ അങ്ങനെയൊന്ന് നടന്നിട്ടില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിനുശേഷം ഈ വിഷയം വീണ്ടും സജീവമായി. ഭരണഘടനയുടെ ആർട്ടിക്കിൾ 15 (4), 16 (4) എന്നിവ പിന്നാക്കക്കാരെ അപ്‌ലിഫ്റ്റ് ചെയ്യുന്ന അവസ്ഥയിലേയ്ക്ക് ഇന്ത്യയിലെ ജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നതാണ്. എന്നാൽ, കേന്ദ്രത്തിലും കേരളത്തിലും രണ്ട് നിയമങ്ങൾ പാസായി. കേന്ദ്രത്തിൽ The National Commission for Backward Classes Act, 1993 - ഇതിലെ ഒൻപാതാം വകുപ്പ് ഇങ്ങനെയൊരു ലിസ്റ്റ് കൊണ്ടുവരണമെന്നുള്ളതാണ്. 1993-ൽ കെ. കരുണാകരൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നപ്പോൾ The Kerala State Commission for Backward Classes Act, 1993 പാസ്സായി.

അതിലെ 11-ാം വകുപ്പ് മാത്രം ഞാൻ വായിക്കാം, The Government may at any time, and shall at the expiration of ten years from the coming into force of this Act and every succeeding period of ten years thereafter undertake revision of the lists with a view to excluding from such lists those classes who have ceased to be backward classes or for including in such lists new backward classes. അതും നടപ്പായില്ല. പിന്നാക്കക്കാരുടെ മാഗ്നാകാർട്ടയെന്ന് അറിയപ്പെടുന്ന സുപ്രീംകോടതി വിധി Indra Sawhney & Others Vs. Union Of India എന്നത് 1992-ലെ വിധിയാണ്. അതിൽ ചീഫ് ജസ്റ്റിസ് അടക്കമുള്ള ഒൻപത് അംഗ ഭരണഘടനാ ബഞ്ച് രേഖപ്പെടുത്തിയത്, 'there should be a periodic revision of these lists to exclude those who have ceased to be backward or for inclusion of new classes, as the case may be.' എന്നാണ്. കേരള ഹൈക്കോടതിയിലെ WP(C) 3389/2021-ൽ ചീഫ് ജസ്റ്റിസ് എസ്. മണികുമാർ അടങ്ങുന്ന ഡിവിഷൻ ബഞ്ച് ഇങ്ങനെ ഒബ്സർവ് ചെയ്തു. ഇത് അത്യാവശ്യമായതിനാൽ ആറ് മാസത്തിനുള്ളിൽ നടപ്പാക്കണമെന്ന് പറഞ്ഞെങ്കിലും അത് നടന്നില്ല. അവസാനം, ആറുമാസം

സമയം തരുമെന്നും നിർബന്ധമായും നടപ്പാക്കണമെന്നും പറഞ്ഞു. Contempt കേസാണ് ഫയൽ ചെയ്തത് 1998/21. കേരള ഗവൺമെന്റ് ഹാജരായി പറഞ്ഞത് 12 മാസംകൂടി സമയം നൽകണമെന്നാണ്. ലോക്കൽ ബോഡി ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ code of conduct നിലവിൽ വന്നതുകൊണ്ടാണ് സമയത്ത് ചെയ്യാൻ സാധിക്കാതെ പോയതെന്ന് പറഞ്ഞു. 12 മാസം ആവശ്യപ്പെട്ടെങ്കിലും ആറുമാസമാണ് നൽകിയത്. 03-08-2021 ആയപ്പോൾ ആ സമയവും കഴിഞ്ഞു. ഇതുവരെ നടപ്പാക്കിയില്ല. അതുകൊണ്ട് അടിയന്തരമായി ജാതി സെൻസസ് നടപ്പാക്കണം. അല്ലാതെ പോയാൽ 30 വർഷങ്ങൾക്ക് മുമ്പുള്ള കണക്കനുസരിച്ച് ഇപ്പോൾ പി.എസ്.സി.-യും മറ്റ് സ്ഥാപനങ്ങളും നടത്തുന്ന നിയമനങ്ങൾ ഭരണഘടനാ വിരുദ്ധമായിരിക്കും. ഇവിടെയുള്ള എസ്.സി./എസ്.ടി, ഈഴവ, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ സംവരണ സമുദായങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യം നഷ്ടപ്പെടും. അതുകൊണ്ട് ഭൂരിഭാഗം വരുന്ന 75 ശതമാനം പിന്നാക്കക്കാർക്കുവേണ്ടി ഈ ജാതി സെൻസസ് ആരംഭിച്ച് നടപ്പാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാന്യനായ അംഗം ശ്രീ. യു. എ. ലത്തീഫ് ഇവിടെ ഉന്നയിച്ചത് ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് ഏറെ പരിമിതിയുണ്ടെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. കേന്ദ്ര സർക്കാർ സർവ്വീസുകളിൽ പിന്നാക്ക വിഭാഗങ്ങൾക്ക് 27 ശതമാനം സംവരണം അനുവദിച്ചതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള Indra Sawhney & Others Vs. Union Of India കേസിന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ കേസ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1992-ൽ ആണ്. ഒ.ബി.സി. വിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചത് ചോദ്യം ചെയ്തുകൊണ്ടുള്ള ആ കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടി സംവരണം അനുവദിച്ചത് ശരിവച്ചുകൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് പുറപ്പെടുവിക്കുന്നതോടൊപ്പംതന്നെ സംവരണത്തിൽനിന്ന് പിന്നാക്ക വിഭാഗങ്ങളിലെ ക്രീമിലെയറിനെ ഒഴിവാക്കണമെന്നും ഉത്തരവായിരുന്നു. ഈ ഉത്തരവ് കേന്ദ്രത്തിലും സംസ്ഥാനത്തിലും നടപ്പിലാക്കണമെന്നും പറയുകയുണ്ടായി. അതോടൊപ്പം കേന്ദ്രത്തിലും സംസ്ഥാനത്തിലും പിന്നാക്ക

വിഭാഗ കമ്മീഷനുകൾ രൂപീകരിക്കണമെന്നും പറഞ്ഞു. അതാണ് അങ്ങ് ഇവിടെ പറഞ്ഞതുപോലെ 1993-ൽ പിന്നാക്ക വിഭാഗ കമ്മീഷൻ കേരളത്തിൽ രൂപീകരിച്ചത്. ആ പിന്നാക്ക വിഭാഗ കമ്മീഷനുകൾ ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ കാലാനുസൃതമായ കൂട്ടിച്ചേർക്കലോ അല്ലെങ്കിൽ ഒഴിവാക്കലോ വരുത്തണമെന്നും നിർദ്ദേശിച്ചു. അതിനുശേഷം സാമൂഹിക സാമ്പത്തിക വിവരങ്ങൾ സാമുദായിക അടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ടത് 2012-ൽ ആണ്. സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സെൻസസ് നടന്നത് 2012-ൽ ആണ്. എന്നാൽ ശേഖരിക്കപ്പെട്ട വിവരങ്ങൾ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ചില്ല. അതിന് പല കാരണങ്ങളും പറയുന്നുണ്ട്. സംവരണം കാലാനുസൃതമായി പുനഃക്രമീകരിക്കുന്നതിന് ഈ വിവരങ്ങൾ ആവശ്യമാണ്. സെൻസസ് എന്നത് ഭരണഘടനാപരമായി യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമാണ്, കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽപ്പെട്ടതുമാണ്. ആയതുകൊണ്ട് സംസ്ഥാന സർക്കാർ തലത്തിൽ സാമുദായിക അടിസ്ഥാനത്തിലുള്ള ഒരു സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തിക സെൻസസ് നടത്തുകയെന്നത് സാധിക്കുന്ന ഒരു കാര്യമല്ല. സംസ്ഥാന ഗവൺമെന്റിന്

അതിൽ ഏറെ പരിമിതിയുണ്ട്. കേന്ദ്ര ഗവൺമെന്റുതന്നെ നടത്തിയ സർവ്വേയുടെ റിസൽറ്റ് പുറത്തുവിടാതിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം സാമൂഹിക-വിദ്യാഭ്യാസ-സാമ്പത്തിക സെൻസസ് എടുത്ത് അതിന്റെ കണക്ക് പുറത്തുവിടുന്നത് ശരിയല്ല. എങ്കിൽപ്പോലും സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി പരമാവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസ രംഗത്തും അതുപോലെ തൊഴിൽ രംഗത്തും റിസർവ്വേഷൻ അനുസരിച്ച് അവർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ പരിമിതിയുണ്ടെന്നാണ് ഇതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. യു. എ. ലത്തീഫ്: സർ, സംസ്ഥാന കമ്മീഷൻ ആക്ടിലെ 11-ാം വകുപ്പനുസരിച്ച് ഈ ഗവൺമെന്റിനോട് ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടു, ഗവൺമെന്റ് അത് ഹൈക്കോടതിയിൽ 12 മാസത്തെ സമയം ചോദിച്ചു, ആറ് മാസം അനുവദിച്ചു. അപ്പോൾ ഈ ഗവൺമെന്റിന് ജാതി സെൻസസ് തയ്യാറാക്കുന്നതിന് യാതൊരു പ്രയാസവുമില്ല. എന്തുകൊണ്ടാണ് അത്

എടുക്കാത്തത്? മാത്രമല്ല ഹൈക്കോടതി നിർബന്ധമായും അത് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതുതന്നെയാണ് ഇവിടെ പറഞ്ഞത്. 2012-ൽ കേന്ദ്ര ഗവൺമെന്റ് സോഷ്യോ-ഇക്കണോമിക് കാസ്റ്റ് സർവ്വേ നടത്തിയെങ്കിലും ആ സർവ്വേ റിസൽറ്റ് ഇതുവരെ പറത്തുവിട്ടിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സർവ്വേയുടെ റിസൽറ്റ് പുറത്തുവിടാത്ത സാഹചര്യത്തിൽ ഒരു സംസ്ഥാനം ആ ഉദ്യമവുമായി മുന്നോട്ടുപോകുന്നത് എത്രകണ്ട് അഭികാമ്യമാകുമെന്നതിനെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷമാണ് ആ സർവ്വേ റിപ്പോർട്ട് പുറത്തുവിടാതിരിക്കുന്ന സ്ഥിതി സ്വീകരിച്ചത്. തീർച്ചയായും സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ ചെയ്യാവുന്ന സാധ്യമായ കാര്യങ്ങൾ എന്തൊക്കെയാണോ അതെല്ലാം ചെയ്യാൻ ശ്രമിക്കുമെന്നാണ് പറയാനുള്ളത്.